# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3080** **25-06-2024 - ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി വകുപ്പ് മുഖേന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗത്തിലുള്ള കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി വകുപ്പിന്റെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് മുഖേന നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം വ്യക്തിഗത ഭവനങ്ങളും ഫ്ലാറ്റുകളും ഉൾപ്പെടെ 2646 കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതി പ്രവർത്തനത്തിനായി ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും സംസ്ഥാന വിഹിതത്തിൽ നിന്നും 153.75 കോടി രൂപയും ഉൾപ്പെടെ 403.75 കോടി രൂപ നാളിതുവരെ അനുവദിക്കുകയും 371.50 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി വകുപ്പ് നടത്തി വന്നിരുന്ന പദ്ധതിയെ ലൈഫ് ഭവന പദ്ധതിയിൽ ലയിപ്പിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. 'പുനർഗേഹം' ഭവന നിർമ്മാണ പദ്ധതി ഫിഷറീസ് വകുപ്പ് മുഖേന നടത്തുകയും ചെയ്യുന്നു. |
| (സി) | എങ്കിൽ ഇതു കാരണം മത്സ്യത്തൊഴിലാളികൾക്ക് മുൻകാലങ്ങളിൽ നൽകികൊണ്ടിരുന്നയത്രയും വീടുകൾ പോലും നൽകാൻ സാധിക്കുന്നില്ല എന്ന അക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ലൈഫ് പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അർഹരായ എല്ലാ കുടുംബങ്ങൾക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. |

| | | | |
|---|---|---|---|
| | | | ലൈഫ് ഭവന പദ്ധതി മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ലൈഫ് ഭവന പദ്ധതിയിലൂടെ ടി വിഭാഗങ്ങളിൽപ്പെട്ടവർക്ക് വീട് അനുവദിക്കുന്നതിനാൽ ഭവന നിർമ്മാണ ധനസഹായമിനത്തിൽ 4,00,000/- രൂപ ലഭിക്കുന്നു. മാത്രവുമല്ല ലൈഫ് ഭവന പദ്ധതിയിലൂടെ സംസ്ഥാനത്തെ 15290 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് അനുവദിച്ചതിൽ 15.06.2024 വരെ 12723 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യതൊഴിലാളി വിഭാഗത്തിൽ പ്പെട്ടവർക്കും പട്ടികജാതി, പട്ടികവർഗ്ഗ, അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്കും നൽകിയ പരിഗണന നൽകി ഭവന നിർമ്മാണ ധനസഹായം അനുവദിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ